കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊർങ്ങാട്ടിരി പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ്മലപ്പുറം ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/17/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം. ജില്ല

തീയതി:05-02-2020

ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ്

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

(സെക്രട്ടറി മുഖേന)

സർ,

വിഷയം :ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2018-19. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

എം.എ.2/2020

---

നം.കെ.എസ്.എ.എം.പി.എം.6/17/2020 തിയതി:05-02-2020

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2018-19.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-12-2018 മുതൽ 18-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.അജിത്ത്.ആർ | |
| | | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19-12-19 മുതൽ 31-12-19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അബ്ദുള്ള.എ.സി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ.മുഹമ്മദ് ഫസലുറഹമാൻ.എം. | അസി. ഓഡിറ്റ് ഓഫീസർ |
| | | | |

| | | | |
|---|---|---|---|
| | | ശ്രീ.അഷ്റഫ്.കെ.പി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.റഷീദ്.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീ.എൻ.ഷൗക്കത്തലി | 01-04-18 മുതൽ 31-03-19 വരെ |
| | | | | |
| സെക്രട്ടറി | : | 1 | ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ് | 01-04-18 മുതൽ .09-05-18 വരെ |
| | | 2 | ശ്രീ.ദേവദാസൻ.പി | 10-05-18 മുതൽ 10-10-18 വരെ |
| | | 3 | ശ്രീ.രതീഷ്കുമാർ(സെക്രട്ടറിഇൻ ചാർജ്) | 11-10-18 മുതൽ 27-11-18. വരെ |
| | | 4 | ശ്രീമതി.രജനി.പി | 28-11-18 മുതൽ 14-03-19 വരെ |
| | | 5 | ശ്രീ.രതീഷ്കുമാർ(സെക്രട്ടറിഇൻ ചാർജ്) | 15-03-19 മുതൽ 31-03-19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | | 1 | ശ്രീ.സജീഷ്.സി | 01-04-18 മുതൽ 01-07-18 വരെ |
| | | 2 | ശ്രീമതി.ജമീല മുംതാസ്.പി | 02-07-18 മുതൽ 31-03-19 വരെ |
| വി.ഇ.ഒ | | | ശ്രീ.രതീഷ്.വി.വി | 01-04-18 മുതൽ 31-03-19 വരെ |
| ഐ.സ്.ഡി.എസ്. സൂപ്പർവൈസർ | | | ശ്രീമതി.മഹീദ.പി | 01-04-18 മുതൽ 31-03-19 വരെ |
| കൃഷിഓഫീസർ | | 1 | ശ്രീമതി.എമി പോൾ | 01-04-18 മുതൽ .01-08-18 വരെ |
| | | 2 | ശ്രീമതി.ഷഹാന.സി | 02-08-18 മുതൽ 04-09-18 വരെ |
| | | 3 | ശ്രീമതി.റൈഹാനത്ത്.യു | 05-09-18 മുതൽ 20-03-19 വരെ |
| | | 4 | ശ്രീ.നജ്മുദ്ദീൻ.ടി | 21-03-19 മുതൽ 31-03-19വരെ |
| മെഡിക്കൽഓഫീസർ | | | ഡോ.അബൂബക്കർ.എൻ | 01-04-18 മുതൽ 31-03-19 |

| | | | | |
|---|---|---|---|---|
| (പി.എച്ച്.സി) | | | | വരെ |
| മെഡിക്കൽഓഫീസർ(ആയൂർവേദം) | | | ഡോ.മൂസ.കെ.കെ | 01-04-18 മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | | ഡോ.ഫൗസിയ.പി.എം | 01-04-18 മുതൽ 31-03-19 വരെ |
| വെറ്ററിനറിസർജൻ | | 1 | ഡോ.ഇന്ദു.കെ | 01-04-18 മുതൽ 02-04-18 വരെ |
| | | 2 | ഡോ.രേവതി | 03-04-18 മുതൽ 13-05-18 വരെ |
| | | 3 | ഡോ.ഇന്ദു.കെ | 14-05-18 മുതൽ 31-03-19 വരെ |
| ഹെഡ്മിസ്ട്രസ്സ് | | | ശ്രീമതി. ജോളി ജോസഫ് | 01-04-18 മുതൽ 31-03-19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | | ശ്രീമതി.സജിനി.ഒ | 01-04-18 മുതൽ 31-03-19 വരെ |
| അസി.സെക്രട്ടറി | | 1 | ശ്രീമതി.ശൈലജ | 01-04-18 മുതൽ 21-06-18 വരെ |
| | | 2 | ശ്രീ.രതീഷ്കുമാർ | 22-06-18 മുതൽ 31-03-19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| | | 1-8 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല. | 1-12 |
| 13 | റോഡ് പ്രവൃത്തിക്ക് അധികം തുക നൽകി - ₹ 43874 തിരിച്ചടച്ചു | 1-13 |
| 14 | മരുന്ന് ലഭ്യമായില്ല. | 1-14 |
| 15 | പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ - ഉപകരണങ്ങൾ ലഭ്യമാക്കാതെ പണം നൽകി | 1-15 |
| 16 | സ്കൂൾ അഡ്മിഷൻ രജിസ്റ്റർ ഡിജിറ്റലൈസേഷൻ - പദ്ധതി ലക്ഷ്യം കണ്ടില്ല | 1-16 |
| 17 | ഫുട്ബോൾ - വോളിബോൾ കോച്ചിംഗ് - നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 18 | എസ്.ടി വൃദ്ധർക്ക് കട്ടിൽ നൽകിയത്- അപാകതകൾ | 1-18. |
| 19 | വൃദ്ധർക്ക് കട്ടിൽ നൽകിയത്- ചെലവ് രേഖകൾ അപൂർണ്ണം | 1-19 |
| 20 | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- മാർഗ്ഗരേഖയിൽ പരാമർശിക്കാത്തവർക്കും നൽകി | 1-20 |
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകതകൾ | 1-21 |
| 22 | അംഗീകൃത ക്ലബ്ബുകൾക്ക് പത്രം നൽകിയത് - ചെലവ് രേഖകൾ അപൂർണ്ണം | 1-22 |
| 23 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-23 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 24 | പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ - ഉപകരണങ്ങൾ ലഭ്യമാക്കാതെ പണം നൽകി | 3-1 |
| 25 | സ്കൂൾ അഡ്മിഷൻ രജിസ്റ്റർ ഡിജിറ്റലൈസേഷൻ - പദ്ധതി ലക്ഷ്യം കണ്ടില്ല | 3-2 |
| 26 | ഫുട്ബോൾ - വോളിബോൾ കോച്ചിംഗ് - നിർവ്വഹണത്തിലെ അപാകതകൾ | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | ഭാഗം V അനുബന്ധങ്ങൾ | |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 37 | വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26-03-2018തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 07-02-19.തീയതിയിലെ1- ാം നമ്പർ.തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 22-05-19 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27015761.71 |
| വരവ് | 131733604 |
| ആകെ | 158749365.71 |
| ചെലവ് | 109781284 |
| നീക്കിയിരിപ്പ് | 48968081.71 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 28864061 | 28864061 | 28694225 | 169836 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 8284000 | 8284000 | 8072849 | 211151 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 2337000 | 2337000 | 1800490 | 536510 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 9031000 | 9031000 | 7294048 | 1736952 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5862000 | 5862000 | 5862000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 12171000 | 12171000 | 11619108 | 551892 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | – | – | – | – |
| സാക്ഷരത | | 96833 | 3873 | 100706 | – | 100706 |
| ദുരിതാശ്വാസനിധി | | – | 100 | 100 | – | 100 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | – | 31054138 | 31054138 | 31054138 | – |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 411688 | 1233960 | 1645648 | 1625233 | 20415 |
| എസ്.എസ്.എ | | 57293 | 57787 | 115080 | 115080 | – |
| ടി.എസ്.സി | | 765613 | 32898 | 798511 | 22140 | 776371 |
| വെസ്റ്റേൺ ഘട്ട്(എസ്.സി) | | 17521 | 701 | 18222 | – | 18222 |
| വെസ്റ്റേൺ ഘട്ട്(എസ്.ടി) | | 48486 | 3804 | 52290 | 1865 | 50425 |
| ട്രഷറി എസ്.ടി.എസ്.ബി(ജി.പി.ജി) | | 1751125 | 35166859 | 36917984 | 18825894 | 18092090 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | | | | |
| | ജില്ലാ പഞ്ചായത്ത് | (-)649890 | 4842158 | 4192268 | 3426881 | 765387 |
| ബി ഫണ്ട് | | – | 1319324 | 1319324 | 1319324 | – |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7140100.71 | 8163734 | 15303834.71 | 5666480 | 9637354.71 |
| | ട്രഷറി അക്കൗണ്ട് | 1751125 | 35166859 | 36917984 | 18825894 | 18092090 |
| എസ്.ബി.ഐ ഇ പേയ്മെന്റ് | | 27715 | 4853196 | 4880911 | 4818606 | 62305 |
| എസ്.എം.ജി.ബി സാന്റ് | | 4397247 | 4164509 | 8561756 | 1789645 | 6772111 |
| പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട് | | 4613 | – | 4613 | 4613 | – |
| എസ്.ബി.ഐ ബിൽ സിസ്റ്റം | | 487171 | 491375 | 978546 | 978546 | – |
| ജലനിധി മ | | 11046513 | 15713709 | 26760222 | 15609657 | 11150565 |
| വാറ്റ് ഇ പേയ്മെന്റ് | | -649 | 74486 | 73837 | 73188 | 649 |
| എം.എൻ ലക്ഷം വീട് | | 124782 | 4991 | 129773 | – | 129773 |
| എസ്.ടി കോർപ്പസ് ഫണ്ട് | | 1289600 | 51584 | 1341184 | – | 1341184 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 268 | 113973831 | 180 | 59175825 | 67 | 21 | 67.16 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 31054138 | 31054138 | 31054138 | - |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 411688 | 1233960 | 1645648 | 1625233 | 20415 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 728760 | 417 |
| കർഷകതൊഴിലാളി പെൻഷൻ | 10355500 | 788 |
| വിധവാപെൻഷൻ | 18930000 | 1496 |
| വാർദ്ധക്യകാലപെൻഷൻ | 23754800 | 1845 |
| വികലാംഗപെൻഷൻ | 7393900 | 463 |
| വിവാഹ ധനസഹായം | 390000 | 13 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള ധനസഹായം | 345400 | 27 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായി തുകയൊന്നും നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതല്ല. താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1- സ്ഥല സൗകര്യത്തിന്റെ പരിമിതി കാരണം ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമല്ല.

2- ഫ്രണ്ട് ഓഫീസ് വിതരണ രജിസ്റ്ററിൽ തീയതി രേഖപ്പെടുത്താതെയാണ് സെക്ഷൻ തപാലുകൾ കൈപ്പറ്റുന്നത്.

3- സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ തയ്യാറാക്കിയിട്ടില്ല.

4- അസി.എഞ്ചിനീയർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഹെഡ്മിസ്ട്രസ്സ് പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.

5- വാർഷികകണക്കുകളിലെ അപാകതകൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ല.

6- ടെണ്ടർ തുറക്കുന്ന സമയത്ത് ടെണ്ടർ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-12-2019 | 01-10-19 മുതൽ 30-11-19 വരെ | 05-12-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-11 മുതൽ 2014-15 വരെ | 23-12-15 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷ AFS പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2-ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല. (രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല . ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നില്ല. )

3-സഞ്ചയ പത്രികയിലെ വസ്തു നികുതി കുടിശ്ശിക ഡിമാന്റ് കഴിഞ്ഞ വർഷത്തെ AFS മായി പൊരുത്തപ്പെടുന്നില്ല.ഡാറ്റാ പ്യൂരിഫിക്കേഷൻ കാരണമാണ് ഈ വ്യത്യാസം വന്നത് എന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തിയതിന്റെ സേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം പരിശോധിക്കാനായിട്ടില്ല.

4-പരിശോധനക്ക് ലഭ്യമാക്കിയ സഞ്ചയ പത്രികയിലെ ഡിമാന്റുതുകയുമായി AFS വസ്തുനികുതി ഡിമാന്റ് പൊരുത്തപ്പെടുന്നില്ല.

5-ICDS കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം ആയി തൻവർഷം ₹435797 ചെലവഴിച്ചതായി AFS കാണിച്ചിട്ടുണ്ട്. എന്നാൽ ICDS സൂപ്പർവൈസറുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ തൻവർഷം ₹340004 മാത്രമെ ചെലവഴിച്ചിട്ടുള്ളൂ.

6- 31.03.2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം ബാധ്യതയായി കാണിച്ച തുകകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

7-തൊഴിൽ നികുതി (ട്രേഡേർസ് ) ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8-സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

# 1-12 പി.ഡബ്ല്യൂ.ഡി മാനുൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാനുൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാനുലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാനുൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാനുൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ്, ടാറിംഗ് ഉൾപ്പെടെ കുറഞ്ഞ

കാലയളവിൽ പൂർത്തീകരിക്കാവുന്ന പ്രവൃത്തികൾക്ക് പോസും ആറ് മുതൽ ഒൻപത് മാസം വരെ പൂർത്തീകരണ കാലയളവ് നൽകിയിട്ടുണ്ട്.

V.iv.കാലാവധി ദീർഘീകരണം (Extension of Time) & പിഴ

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭവിയിൽ ആവർത്തിക്കാതിരിക്കാൽശ്രദ്ധിക്കേണ്ടതാണ്. കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൽപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 റോഡ് പ്രവൃത്തിക്ക് അധികം തുക നൽകി - ₹ 43874 തിരിച്ചടച്ചു

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വെങ്ങാട് അമ്പലം കോളനി

റോഡ് പുനരുദ്ധാരണം (പ്രൊജ നമ്പർ 272/19 ) എന്ന പ്രവൃത്തിയിൽ ടെണ്ടർ പ്രകാരമുള്ള കുറവ് വരുത്താതെ കരാറുകാരന് പണം നൽകിയത് മൂലം അധികം നൽകിയ ₹ 43874 ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ തിരിച്ചടച്ചു.( രസീതി നം 119040103875). ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 മരുന്ന് ലഭ്യമായില്ല.

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി 2018-19 നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾപ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

| പ്രൊജക്ട് | മരുന്ന് വാങ്ങുന്നതിന് KMSCL ന് നൽകിയത് | ലഭിച്ച മരുന്ന് |
|---|---|---|
| പരിരക്ഷ | 260000<br>(Bill No 6/18-19 Dt.16.11.18 130355) | ₹182068<br>(KMSCL ഇൻവോയ്സ് നമ്പർ 3988/4.07.2019- 77686,KMSCL ഇൻവോയ്സ് നമ്പർ 8469/15.11.2019- 63420,KMSCL ഇൻവോയ്സ് നമ്പർ 8471/15.11.2019- 40962) |
| PHC യിലെക്ക് മരുന്ന് വാങ്ങൽ | 150000<br>(Bill No 7/18-19 Dt.16.11.18 225280) | ₹ 99308<br>(KMSCL ഇൻവോയ്സ് നമ്പർ 3805/29.06.2019- 91229, KMSCL ഇൻവോയ്സ് നമ്പർ 8475/15.11.2019- 8079) |

ലഭ്യമാക്കാൻ അവശേഷിക്കുന്ന ₹128624 യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നത്‌വരെ ചെലവ് തുക ₹ 128624 തടസ്സം ചെയ്യുന്നു.

## 1-15 പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ - ഉപകരണങ്ങൾ ലഭ്യമാക്കാതെ പണം നൽകി

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വികസന ഫണ്ട്(എസ്.സി.പി) -യിൽ നിന്നും 1,90,000 രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 10,000 രൂപയും വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റിന്റെ ഭാഗമായി ടെണ്ടർ വിളിക്കുകയും, ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ അപ്സര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതിയുടെ 07-12-18 -ലെ 4(12) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് രസീത് നമ്പർ 32761/11തീ: 29-03-19 , 32761/25 തീ: 31-03-19 എന്നിവ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കിയ 10,000/- രൂപ 31-03-19-ന് മേൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന 1,87,880 രൂപ 05-04-19 -ലെ 400412 നമ്പർ ട്രഷറി ബിൽ

പ്രകാരവും നൽകിയെങ്കിലും നാളിത് വരെ പ്രസ്തുത സ്ഥാപനം വാദ്യോപകരണങ്ങൾ വിതരണം ചെയ്യുകയുണ്ടായില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 സ്കൂൾ അഡ്മിഷൻ രജിസ്റ്റർ ഡിജിറ്റലൈസേഷൻ - പദ്ധതി ലക്ഷ്യം കണ്ടില്ല

വികസന ഫണ്ടിൽ നിന്നും 1,00,000 രൂപ വകയിരുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ സ്കൂൾ അഡ്മിഷൻ രജിസ്റ്റർ ഡിജിറ്റലൈസേഷൻ (പ്രോജക്ട് നമ്പർ - 190/19) എന്ന പ്രോജക്ടിൽ അതാത് ദിവസം അറ്റന്റൻസ് രേഖപ്പെടുത്തിയതിന് ശേഷം സ്കൂളിൽ ഹാജരാകാത്ത കുട്ടികളെ കണ്ടെത്തി അക്കാര്യം രക്ഷിതാക്കളുടെ മൊബൈലിലേക്ക് എസ്.എം.എസ് ആയി അറിയിക്കുക എന്നതാണ് ലക്ഷ്യം വെച്ചിരുന്നത്. ദീർഘ വീക്ഷണമില്ലാതെ നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ ഭാഗമായി നാളിത് വരെ ഒരു രക്ഷിതാവിന് പോലും എസ്.എം.എസ് അയക്കാൻ സാധിച്ചില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 3-2 ൽ വിശദീകരിച്ചിട്ടുണ്ട്.

## 1-17 ഫുട്ബോൾ - വോളിബോൾ കോച്ചിംഗ് - നിർവ്വഹണത്തിലെ അപാകതകൾ

2018-19 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്ത് കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ കായിക വികസനം സാദ്ധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനത്തിലെ യുവജന ക്ലബ്ബുകളിൽ നിന്നും വരുന്ന വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളും കൂടാതെ മറ്റേതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിലെ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതാണ്. ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപന തല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുത്ത ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും യൂണിഫോമും കാഷ് അവാർഡുകളും ട്രോഫികളും നൽകുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നൽകുന്നതിനും ഗെയിമിന് ഗ്രാമ പഞ്ചായത്തുകൾക്ക് 30,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്.

വികസന ഫണ്ടിൽ നിന്നും 1,00,000 രൂപ വകയിരുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഫുട്ബോൾ വോളിബോൾ കോച്ചിംഗ് (പ്രോജക്ട് നമ്പർ - 23/19) – നായി 31-01-19 -ലെ 4/18-19 നമ്പർ ബിൽ പ്രകാരം 30,000 രൂപയും 13-03-19 -ലെ 16/18-19 നമ്പർ ബിൽ പ്രകാരം 70,000 രൂപയുമുൾപ്പെടെ 1,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പാലിക്കാതെ ഫുട്ബോൾ കോച്ചിംഗിന് 40,000 രൂപ അധികം നൽകിയതിന്റെയും പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് അപാകതകളെയും കുറിച്ച് ഖണ്ഡിക 3-3 ൽ വിശദമായി കൊടുത്തിട്ടുണ്ട്.

## 1-18 എസ്.ടി വൃദ്ധർക്ക് കട്ടിൽ നൽകിയത്- അപാകതകൾ

എസ്.സി.പി - യിൽ നിന്നും 1,07,500രൂപ വകയിരുത്തി, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 'വൃദ്ധർക്ക് കട്ടിൽ(എസ്.ടി) ' (പ്രോജക്റ്റ് നമ്പർ -186/19 )എന്ന പ്രോജക്റ്റിന്റെ ഭാഗമായി 3790/- രൂപ വിലയുള്ള 25 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഈയിനത്തിൽ 31-05-18 -ലെ 1/18-19 നമ്പർ ബിൽ പ്രകാരം 947501 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 10 കട്ടിലുകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് ഹാജരാക്കിയിട്ടില്ലെന്ന് കാണുന്നു. മാത്രമല്ല, പ്രോജക്റ്റ് മാനദണ്ഡ പ്രകാരം ഗുണഭോക്താക്കൾക്ക് 60 വയസ്സ് തികഞ്ഞിരിക്കേണ്ടതാണെങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കൾ ഹാജരാക്കിയ ആധാർ കാർഡിന്റെ പകർപ്പ് പ്രകാരം 2018-19 -ൽ അവർക്ക് 60 വയസ്സ് തികഞ്ഞിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ജനിച്ച വർഷം |
|---|---|---|
| 1 | ശ്രീമതി.ചിരുത, നാട്ടുവാഴ്ച | 1961 |
| 2 | ശ്രീ.ശേഖരൻ പന്നിയാൻമല | 1961 |
| 3 | ശ്രീ.രാമൻ കോട്ടയിൽ | 1961 |
| 4 | ശ്രീ.മാണി കോരങ്ങാട് | 1968 |
| 5 | ശ്രീമതി.തിരുമാല കോരങ്ങാട് | 1959 |

മേൽ പട്ടികയിലുള്ള ഗുണഭോക്താക്കളുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് 20-12-2019 - ന് നൽകിയ 3 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 15 കട്ടിലുകളുടെ വില 56,850 രൂപ , മേൽ രേഖകൾ ഹാജരാക്കുന്നത് വരെ തടസ്സത്തിൽ വെക്കുന്നു.

## 1-19 വൃദ്ധർക്ക് കട്ടിൽ നൽകിയത്- ചെലവ് രേഖകൾ അപൂർണ്ണം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ആർട്ട്കോയുടെ ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില (ഒരെണ്ണത്തിന് 3660 രൂപ) | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ നമ്പർ/ തീയതി | തുക |
| 11/19 വൃദ്ധർക്ക് കട്ടിൽ(എസ്.സി) | 498/19-03-19 | 75 | 2,74,500 | 1451468/ 27-03-19 | 2,74,500 |
| 15/19 | 499/19-03-19 | 42 | 1,53,720 | 1451462/ | 152625 |

| | | | | | |
|---|---|---|---|---|---|
| വൃദ്ധർക്ക് കട്ടിൽ(എസ്.ടി) | | | | 27-03-19<br>0118032/<br>28-03-19 | 1095 |
| | | | | ആകെ | 4,28,220 |

മേൽ പ്രോജക്റ്റുകളിലെ ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ, കൈപ്പറ്റ് വിവരം എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് 21-12-2019 – ന് നൽകിയ 5 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക 4,28,220 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-20 എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- മാർഗ്ഗരേഖയിൽ പരാമർശിക്കാത്തവർക്കും നൽകി

2018-19 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ,എയ്ഡഡ്,സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് / കമ്പ്യൂട്ടറുകൾ ഗ്രാമ/ നഗര /ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് നിസ്ഡൺ ഇൻഫോ വേ എന്ന സ്ഥാപനത്തിൽ നിന്നും 25,000 രൂപ വീതം വിലയുള്ള 11 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ/ ചെക്ക് നമ്പർ/ തീയതി | തുക |
| 16/19<br>ഉന്നത വിദ്യാഭ്യാസം നടത്തുന്ന ST വിദ്യാർത്ഥികൾക്ക് | NPMB2C/<br>5599/<br>15-03-19<br>NPMB2C/ | 3<br>4<br>4 | 75000<br>1,00,000<br>1,00,000 | 2570141/<br>21-03-19<br>1433781/<br>27-03-19 | 75000<br>1,99,000<br>1000 |

| | | | | | | |
|---|---|---|---|---|---|---|
| ലാപ്ടോപ്പ് നൽകൽ | 5615/<br>16-03-19<br>NPMB2C/<br>5644/<br>18-03-19 | | | - | | |
| | ആകെ | 11 | 2,75,000 | | 2,75,000 | |

ലാപ് ടോപ്പ് കൈപ്പറ്റിയ 11 വിദ്യാർത്ഥികളിൽ പെട്ട ശ്രീ. ഉണ്ണി.എം.ബി,നാട്ടുവാഴി(വീട്),കക്കാടംപൊയിൽ എന്ന വിദ്യാർത്ഥി കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ 8 മാസം ദൈർഘ്യമുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്സിനാണ് പഠിക്കുന്നത്. അത് പോലെ നയന, കുരീരി, ഓടക്കയം എന്ന വിദ്യാർത്ഥിനി ഗവ: സ്കൂൾ ഓഫ് നഴിസിംഗ്, മഞ്ചേരി എന്ന സ്ഥാപനത്തിൽ ജനറൽ നഴ്സിംഗ് ആന്റ് മിഡ്വൈഫറി എന്ന സർട്ടിഫിക്കറ്റ് കോഴ്സിനാണ് പഠിക്കുന്നത്. സിവിൽ സർവ്വീസ് കോച്ചിംഗിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകാൻ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 20-12-2019 – ന് നൽകിയ 2 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. 31-12-2019 -ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ മേൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം തേടുമെന്നാണ് ഭരണസമിതി അറിയിച്ചിട്ടുള്ളത്. ആയത് ലഭിക്കുന്നത് വരെ 2 ലാപ്ടോപ്പുകളുടെ വിലയായ 50,000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-21 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകതകൾ

2018-19 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ,എയ്ഡഡ്,സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ് ടോപ്പ് / കമ്പ്യൂട്ടറുകൾ ഗ്രാമ/ നഗര /ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. എന്നാൽ പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് നിസ്ഡൺ ഇൻഫോ വേ എന്ന സ്ഥാപനത്തിൽ നിന്നും 25,000 രൂപ വീതം വിലയുള്ള11 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ നമ്പർ/ തീയതി | തുക |
| 12/19<br>ഉന്നത വിദ്യാഭ്യാസം നടത്തുന്ന SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | NPMB2C/ 5629/ 15-03-19<br>NPMB2C/ 5629/ 16-03-19<br>NPMB2C/ 5645/ 18-03-19 | 3<br>4<br>4 | 75000<br>1,00,000<br>1,00,000 | 1418031/ 21-03-19<br>143777/ 27-03-19<br>- | 75000<br>2,00,000<br>- |
| ആകെ | | 11 | 2,75,000 | | 2,75,000 |

പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1- അനന്തു.എ.കെ, അയനിക്കാട്, പൂവത്തിക്കൽ എന്ന വിദ്യാർത്ഥി ഗവ: ഐ.ടി.ഐ, പാണ്ടിക്കാട് എന്ന സ്ഥാപനത്തിൽ ഐ.ടി.ഐ സിവിൽ കോഴ്സിനാണ് പഠിക്കുന്നത്. ഐ.ടി.ഐ – യിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ല.

2-റിയ മാതോളി എന്ന വിദ്യാർത്ഥിനി അപേക്ഷയുടെ കൂടെ ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റ്,സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, ആധാറിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയിലെല്ലാം കണ്ണംപള്ളി(വീട്), നെല്ലിപ്പറമ്പ്, കരുവമ്പ്രം(പി.ഒ), മഞ്ചേരി എന്നാണ് മേൽവിലാസം കാണിച്ചിരിക്കുന്നത്. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ വരുന്ന ഗുണഭോക്താവിനെ - ഊർങ്ങാട്ടിരിയിലേക്ക് വിവാഹം കഴിച്ച് കൊണ്ടുവന്നതാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. അങ്ങനെയെങ്കിൽ ടിയാരിയുടെ നിലവിലെ മേൽവിലാസം തെളിയിക്കുന്ന രേഖകളും മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന് സാക്ഷ്യപത്രവും ഹാജരാക്കേണ്ടതുണ്ട്.

3- പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നാൽ ദൃശ്യ.കെ,കെ, കല്ലൻകടവൻ,വീമ്പൻകുഴി എന്ന വിദ്യാർത്ഥിനി 2015-18 കാലയളവിൽ അരീക്കോട് കോ-ഓപ്പറേറ്റീവ് കോളേജിൽ ബി.എ ഇംഗ്ലീഷിന് പഠിച്ചിരുന്നുവെന്ന് വെള്ള പേപ്പറിൽ തയ്യാറാക്കിയ പ്രിൻസിപ്പലുടെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്(ലെറ്റർപാഡിൽ അല്ല) . യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 20-12-2019 -ന് നൽകിയ 1 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 3 ലാപ്ടോപ്പുകളുടെ വിലയായ 75,000 രൂപ അപാകതകൾ പരിഹരിക്കുന്നത് വരെ തടസ്സത്തിൽ വെക്കുന്നു.

# 1-22 അംഗീകൃത ക്ലബ്ബുകൾക്ക് പത്രം നൽകിയത് - ചെലവ് രേഖകൾ അപൂർണ്ണം

ഗ്രാമ പഞ്ചായത്തിലെ 20 ക്ലബ്ബുകൾക്ക് പത്രം വിതരണം ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും 50,000/- രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റാണ് 'അംഗീകൃത ക്ലബ്ബുകൾക്ക് പത്രം നൽകൽ'(നമ്പർ 22/19). ചെലവ് രേഖകൾ പരിശോധിച്ചതിൽ 06-12-2018- ലെ 2545515 നമ്പർ ചെക്ക് പ്രകാരം 50,000 രൂപ ദേശാഭിമാനി പത്രം വിതരണം ചെയ്ത പത്ര ഏജന്റിന് കൈമാറിയിട്ടുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1- അംഗീകൃത ക്ലബ്ബുകൾക്കാണ് പത്രം നൽകേണ്ടതെങ്കിലും ക്ലബ്ബുകളുടെ അംഗീകാരം സംബന്ധിച്ച സാക്ഷ്യപത്രം ഫയലിലില്ല.

2- മുടക്കമില്ലാതെ പത്രം ക്ലബ്ബുകൾക്ക് ലഭിച്ചതായി ക്ലബ്ബ് സെക്രട്ടറി/പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

3- പത്രത്തിന്റെ ബിൽ ഫയലിലില്ല.

4- എത്ര മാസത്തേക്കുള്ള തുകയാണ് നൽകിയതെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 24-12-2019 -ന് നൽകിയ 8 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുയോ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ചെലവ് തുക 50,000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-23 ഫയൽ പരിശോധനക്ക് ഹാജരാക്കിയില്ല

ആഗസ്റ്റ് 2019 -ൽ പഞ്ചായത്ത് ഓഫീസിൽ വെള്ളം കയറിയത് മൂലം സെക്രട്ടറി നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഫയലുകൾ നഷ്ടപ്പെട്ടതായി സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | വൗച്ചർ നമ്പർ / തീയതി | തുക |
|---|---|---|---|
| 1 | 5/18-19<br>തെരുവ് വിളക്ക് സ്ഥാപിക്കൽ | 218001152/29-03-19 | 732180 |
| 2 | 174/18-19<br>ഖരമാലിന്യ സംസ്കരണം | 29/26-11-2019 | 364000 |
| 3 | 183/18-19 | 35/15-01-19 | 848502 |

| | | | |
|---|---|---|---|
| | പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്ത് | | |

പ്രസ്തുത ഫയലുകൾ പുനസ്ഥാപിക്കാൻ കഴിയുന്നത് പരിശോധനക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ - ഉപകരണങ്ങൾ ലഭ്യമാക്കാതെ പണം നൽകി

പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വികസന ഫണ്ട്(എസ്.സി.പി) -യിൽ നിന്നും 1,90,000 രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 10,000 രൂപയും വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റാണ് നമ്പർ'പട്ടികജാതി വിഭാഗത്തിൽപെട്ട യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ'__(133/19) . അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റിന്റെ ഭാഗമായി ടെണ്ടർ വിളിക്കുകയും, ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ അപ്സര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതിയുടെ 07-12-18 -ലെ 4(12) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. വാദ്യോപകരണങ്ങൾ വിതരണം ചെയ്തയിനത്തിൽ 2018-19 -ൽ രസീത് നമ്പർ 32761/11തീ: 29-03-19 , 32761/25 തീ: 31-03-19 എന്നിവ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കിയ 10,000/- രൂപ 31-03-19-ന് മേൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന 1,87,880 രൂപ 05-04-19 -ലെ 400412 നമ്പർ ട്രഷറി ബിൽ പ്രകാരവും നൽകിയിട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1- അസി.സെക്രട്ടറിയുടെ 16-02-19 -ലെ എ-1-6551/2017 നമ്പർ കത്ത് പ്രകാരം മേൽ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചുവെന്നും പ്രസ്തുത കത്ത് കൈപ്പറ്റി 10 ദിവസത്തിനകം ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ട് വാദ്യോപകരണങ്ങൾ സപ്ലൈ ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അപ്സരയുടെ 20-03-19 ലെ 70-ാം നമ്പർ ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന വാദ്യോപകരണങ്ങൾ ലഭിച്ചതായി കാണുന്നു.

| ഉപകരണം | എണ്ണം | ഒരെണ്ണത്തിന്റെ വില | |
|---|---|---|---|
| ഇടംതല ചെണ്ട | 8 | 10,750 | 86,000 |
| വലംതല ചെണ്ട | 8 | 10,240 | 81,920 |
| ഇലത്താളം | 8 | 3,745 | 29,960 |
| | | | |

| | |
|---|---|
| ആകെ | 1,97,880 |

എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത വിവരം ലഭ്യമല്ല.

2- ഫയൽ പരിശോധിച്ചതിൽ ഗ്രാമിക NHG മൂർക്കനാട്, യുവജന ഓട്ടത്താണിക്കൽ എന്നിങ്ങനെ രണ്ട് ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്യാനായിട്ടാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലാകുന്നു. ഇവരുമായി കരാറുടമ്പടി ചമച്ചിട്ടില്ല.

3- ഫയലിൽ ഗ്രാമിക NHG മൂർക്കനാടിലെ 12 പേരുടെ അപേക്ഷ കാണുന്നുണ്ട്. അതിൽ 5 പേർ മാത്രമാണ് എസ്.സി വിഭാഗത്തിൽപെട്ടവരാണെന്ന് കാണിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത്. യുവജന ഓട്ടത്താണിക്കലിലെ അംഗങ്ങളുടെ അപേക്ഷയും അനുബന്ധ രേഖകളും ഇല്ല.

4- ഇവരെ ഗുണഭോക്താക്കളായി ഭരണസമിതി അംഗീകരിച്ച വിവരം ഇല്ല.

5- ഗ്രാമിക NHG മൂർക്കനാടിലെ അംഗങ്ങളെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിൽ അവർക്ക് വാദ്യോപകരണങ്ങൾ ലഭിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. 20-03-19 – ന് വാങ്ങിയ വാദ്യോപകരണങ്ങൾ നാളിത് വരെ വിതരണം ചെയ്യാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്. ആയത് ഭൗതിക പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

6- സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയവും പ്രാവീണ്യവുമുള്ളവരാണെന്ന് കണ്ടെത്തുന്ന 10 മുതൽ 15 വരെ അംഗങ്ങൾ ഉള്ള ഗ്രൂപ്പിനെ ഇത് നൽകാവൂ. അപേക്ഷകർക്ക് വാദ്യോപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ പരിചയവും പ്രാവീണ്യവും തെളിയിക്കുന്ന രേഖകൾ ഫയലിലില്ല.

7- മേൽ സ്ഥാപനം മാനുവലായിട്ടുള്ള ഇൻവോയ്സ് ആണ് ഹാജരാക്കിയിട്ടുള്ളത്. GST ബിൽ ഹാജരാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 21-12-2019 -ന് നൽകിയ 4 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകുകയുണ്ടായില്ല. 31-12-2018 – ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ വാദ്യോപകരണങ്ങൾ രണ്ടാഴ്ചക്കകം ലഭ്യമാക്കി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുമെന്നാണ് പ്രസിഡന്റ് അറിയിച്ചത്. വാദ്യോപകരണങ്ങൾ ഭൗതിക പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതും ഗ്രാമിക NHG മൂർക്കനാടിലെ അംഗങ്ങളെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിൽ അവർക്ക് വാദ്യോപകരണങ്ങൾ ലഭിച്ചിട്ടില്ലെന്നതും പ്രസിഡന്റിന്റെ മറുപടിയും ചേർത്ത് വായിക്കുമ്പോൾ വാദ്യോപകരണങ്ങൾ നാളിത് വരെ പ്രസ്തുത സ്ഥാപനം നൽകിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. വാദ്യോപകരണങ്ങൾ ലഭ്യമാക്കാതെ മുഴുവൻ തുകയും ക്രമ വിരുദ്ധമായി മേൽ സ്ഥാപനത്തിന് കൈമാറിയത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്. മേൽ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 05-04-19 -ന് പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയ 1,87,880 രൂപ 12% പലിശ സഹിതം നിർവ്വഹണോദ്യോഗസ്ഥനായ അസി.സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 സ്കൂൾ അഡ്മിഷൻ രജിസ്റ്റർ ഡിജിറ്റലൈസേഷൻ - പദ്ധതി ലക്ഷ്യം കണ്ടില്ല

വികസന ഫണ്ടിൽ നിന്നും 1,00,000 രൂപ വകയിരുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ

സ്കൂൾ അഡ്മിഷൻ രജിസ്റ്റർ ഡിജിറ്റലൈസേഷൻ (പ്രോജക്റ്റ് നമ്പർ - 190/19) എന്ന പ്രോജക്റ്റിൽ അതാത് ദിവസം അറ്റൻഡൻസ് രേഖപ്പെടുത്തിയതിന് ശേഷം സ്കൂളിൽ ഹാജരാകാത്ത കുട്ടികളെ കണ്ടെത്തി അക്കാര്യം രക്ഷിതാക്കളുടെ മൊബൈലിലേക്ക് എസ്.എം.എസ് ആയി അറിയിക്കുക എന്നതാണ് ലക്ഷ്യം വെച്ചിരുന്നത്. ദീർഘ വീക്ഷണമില്ലാതെ നടപ്പിലാക്കിയ ഈ പ്രോജക്റ്റിന്റെ ഭാഗമായി നാളിത് വരെ ഒരു രക്ഷിതാവിന് പോലും എസ്.എം.എസ് അയക്കാൻ സാധിച്ചില്ല.

2018-19 -ലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖയിലും സബ്സിഡി മാർഗ്ഗരേഖയിലും സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ അനുമതിയുണ്ടെങ്കിലും സ്കൂൾ അഡ്മിഷൻ രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രോജക്റ്റ് ഏറ്റെടുക്കാൻ ഗ്രാമ പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടില്ല. മാത്രമല്ല, അഡ്മിഷൻ രജിസ്റ്റർ സംബന്ധിച്ച് വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് നിലവിൽ ഓൺലൈനായി ചെയ്തു വരുന്നുമുണ്ട്.

സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ എന്ന പേരിൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ഈ പ്രോജക്റ്റിനായി 27-03-19 -ലെ 19/18-19 നമ്പർ ബിൽ പ്രകാരം 100,000 രൂപ പിൻവലിച്ച് ഐ.കെ.എമ്മിന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഐ.കെ.എമ്മിന്റെ 31-01-2019 -ലെ IKM/Corp(SMS)/171/2019 നമ്പർ ഇൻവോയ്സ് പ്രകാരം ആനുവൽ മെയിന്റനൻസ് ചാർജ്ജ്, ആനുവൽ എസ്.എം.എസ് ചാർജ്ജ് എന്നിവക്കുള്ള തുക 50,079 ഐ.കെ.എമ്മിന്റെ 57047023512 നമ്പർ അക്കൗണ്ടിലേക്ക് അടവാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത് പരിഗണിക്കാതെ പ്രോജക്റ്റിൽ വകയിരുത്തിയ 1,00,000 രൂപയും ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്.

ഈ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ഹാജരാക്കാനും ഐ.കെ.എമ്മിന് അധിക തുക നൽകിയതിന് വിശദീകരണം നൽകാനുമാവശ്യപ്പെട്ട് 24-12-2019-ന് നൽകിയ 7 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ആധാരമാക്കിയ അനുമതി ഉത്തരവിനെ കുറിച്ച് പരാമർശിച്ചിട്ടില്ല. പദ്ധതിക്ക് 1,00,000 രൂപ വകയിരുത്തിയിട്ടുള്ളതിനാൽ വരും വർഷത്തിലേക്കുള്ള എസ്.എം.എസ് ചാർജ്ജ് കൂടി ഈ പദ്ധതിയിൽ നിന്നും അടവാക്കി പദ്ധതി വിഹിതം നഷ്ടപ്പെടാതെ പൂർണ്ണമായി വിനിയോഗിക്കുന്നതിന് ഭരണ സമിതി 21-12-2019 -ന് 1/12 നമ്പർ തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും നൽകിയതെന്ന് മറുപടിയിൽ പറയുന്നുണ്ട്.

31-12-2019 -ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. അതാത് ദിവസം അറ്റൻഡൻസ് രേഖപ്പെടുത്തിയതിന് ശേഷം സ്കൂളിൽ ഹാജരാകാത്ത കുട്ടികളെ കണ്ടെത്തി അക്കാര്യം രക്ഷിതാക്കളുടെ മൊബൈലിലേക്ക് എസ്.എം.എസ് ആയി അറിയിക്കുക എന്നതാണ് ഈ പ്രോജക്റ്റിൽ ലക്ഷ്യം വെച്ചിരുന്നതെങ്കിലും നാളിത് വരെ ഒരു രക്ഷിതാവിന് പോലും എസ്.എം.എസ് അയക്കാൻ സാധിച്ചിട്ടില്ലെന്ന് ഭരണ സമിതി അംഗങ്ങൾ സമ്മതിക്കുകയുണ്ടായി. ആബ്സന്റായ കുട്ടികളുടെ പേരു വിവരങ്ങൾ കൃത്യ സമയത്ത് സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്താൽ മാത്രമേ അക്കാര്യം എസ്.എം.എസ്സായി അയക്കാൻ സാധിക്കുകയുള്ളൂ. അത് ആര് ചെയ്യും എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി നൽകാൻ നിർവ്വഹണോദ്യോഗസ്ഥക്ക് സാധിച്ചിട്ടില്ല.

ഐ.കെ.എമ്മിന്റെ 22-03-19 -ലെ IKM/Imple(SMS)/171/2019 നമ്പർ കത്തിൽ ടി പ്രോജക്റ്റിനായി ഐ.കെ.എമ്മിലേക്ക് നൽകുന്ന തുകയുടെ വാർഷിക ചെലവ് വിവരങ്ങൾ അടങ്ങുന്ന യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

വിജയ സാധ്യതയെക്കുറിച്ച് യാതൊരു പഠനവും നടത്താതെ നടപ്പിലാക്കിയ ഈ പ്രോജക്ടിനായി ചെലവഴിച്ച തുകയിൽ ഐ.കെഎമ്മിന് അധികമായി നൽകിയ 49,921 രൂപ ഐ.കെ.എമ്മിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അവശേഷിക്കുന്ന 50,079, പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ആധാരമാക്കിയ അനുമതി ഉത്തരവ്, യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കുന്നത് വരെ തടസ്സത്തിൽ വെക്കുന്നു.

## 3-3 ഫുട്ബോൾ - വോളിബോൾ കോച്ചിംഗ് - നിർവ്വഹണത്തിലെ അപാകതകൾ

2018-19 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്ത് കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ കായിക വികസനം സാദ്ധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനത്തിലെ യുവജന ക്ലബ്ബുകളിൽ നിന്നും വരുന്ന വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളും കൂടാതെ മറ്റേതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിലെ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതാണ്. ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപന തല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുത്ത ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും യൂണിഫോമും കാഷ് അവാർഡുകളും ട്രോഫികളും നൽകുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നൽകുന്നതിനും ഗെയിമിന് ഗ്രാമ പഞ്ചായത്തുകൾക്ക് 30,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്.

വികസന ഫണ്ടിൽ നിന്നും 1,00,000 രൂപ വകയിരുത്തി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഫുട്ബോൾ വോളിബോൾ കോച്ചിംഗ് (പ്രോജക്റ്റ് നമ്പർ - 23/19) – നായി 31-01-19 -ലെ 4/18-19 നമ്പർ ബിൽ പ്രകാരം 30,000 രൂപയും 13-03-19 -ലെ 16/18-19 നമ്പർ ബിൽ പ്രകാരം 70,000 രൂപയുമുൾപ്പെടെ 1,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1- 18-45 വയസ്സുവരെയുള്ള, യുവജന ക്ലബ്ബുകളിൽ നിന്നും വരുന്ന യുവാക്കളുടെ ടീമിനെയാണ് ഗെയിംസ് ഇനങ്ങളിലും അത്ലറ്റിക് ഇനങ്ങളിലും ബ്ലോക്ക് തല മൽസരങ്ങളിലേക്ക് അയക്കേണ്ടത്. എന്നാൽ 17 വയസ്സിന് താഴെയുള്ള കുട്ടികൾക്കാണ് പരിശീലനം നൽകിയിട്ടുള്ളത്.

2- വോളിബോൾ ടീമിലേക്ക് തെരഞ്ഞെടുത്ത കുട്ടികളുടെ അറ്റന്റൻസ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഫുട്ബോൾ ടീമിലേക്ക് തെരഞ്ഞെടുത്ത കുട്ടികളുടെ അറ്റന്റൻസ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

3- തെരഞ്ഞെടുക്കപ്പെട്ട ടീമിന് ഒരു മാസത്തെ പരിശീലനമാണ് നൽകേണ്ടതെങ്കിലും 22-12-19 മുതൽ 31-12-18 വരെ 10 ദിവസത്തെ പരിശീനം മാത്രമാണ് നൽകിയിട്ടുള്ളത്.

4- അഫി സ്പോർട്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ 15-12-18 -ലെ 956 നമ്പർ ഇൻവോയ്സ് പ്രകാരം 14 വോളിബോളുകൾ വാങ്ങിയിട്ടുണ്ടെങ്കിലും അത് വിതരണം ചെയ്തതിന്റെ രേഖകളില്ല.

5- ഗണ്ണേർസ് സ്പോർട്സ്, അരീക്കോട് എന്ന സ്ഥാപനത്തിന്റെ 20-12-18 – ലെ 172 -ാം നമ്പർ ഇൻവോയ്സ് പ്രകാരം 25 ഫുട്ബോളും 100 ജഴ്സിയും വാങ്ങിയിട്ടുണ്ടെങ്കിലും അത് വിതരണം ചെയ്തതിന്റെയും രേഖകളില്ല.

6- ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപന തല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുത്ത ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും യൂണിഫോമും കാഷ് അവാർഡുകളും ട്രോഫികളും നൽകുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നൽകുന്നതിനും ഗെയിമിന് ഗ്രാമ പഞ്ചായത്തുകൾക്ക് 30,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്. വോളിബോൾ കോച്ചിംഗിന് 30,000 രൂപയേ ചെലവഴിച്ചിട്ടുള്ളൂവെങ്കിലും ഫുട്ബോൾ കോച്ചിംഗിന് 70,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 40,000 രൂപ അധികം ചെലവഴിച്ചതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ഫയലിലില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 24-12-2019 - ന് നൽകിയ 6 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മാർഗ്ഗരേഖ പാലിക്കാതെ ഫുട്ബോൾ കോച്ചിംഗിന് അധികമായി നൽകിയ 40,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഹെഡ്മിസ്ട്രസ്സിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അത് പോലെ മേൽ അപാകതകൾക്ക് വിശദീകരണം
നൽകാത്തതിനാൽ അവശേഷിക്കുന്ന 60,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1300000 | 113/19 ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 1300000 | - |
| -ടി- | | 450000 | 248/19 ബഡ്സ് സ്കൂൾ അനുബന്ധ സൗകര്യമൊരുക്കൽ | 449884 | 116 |
| -ടി- | | 250000 | 114/19 | 133200 | 210000 |

| | | | | | |
|---|---|---|---|---|---|
| | | | ലൈഫ് മിഷൻ ഭവന പദ്ധതി(എസ്.സി) | | |
| -ടി- | | 302125 | 115/19<br>ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ) | - | 302125 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 794220 | 113/19<br>ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 794220 | - |
| -ടി- | | 500000 | 127/19<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | - |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഓടക്കയം ഗവ: എൽ.പി സ്കൂൾ വൈദ്യുതി ലൈൻ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കൽ | 307/<br>07-03-2019 | 196609 | 196609 | - |

| | | | | | |
|---|---|---|---|---|---|
| -ടി- | നിറമുക്ക് കോളനി വൈദ്യുതി ലൈൻ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കൽ | 306 /07-03-2019 | 49554 | 49554 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4761307രൂപ വരവുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ലഭ്യമല്ല | 4761307 | - | - | - | 4761307 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6750 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | | | |
| 2015-16 | | 2500 | സെക്രട്ടറി, ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് | 118040103281/29-10-18 |
| 2017-18 | ഓഡിറ്റ് എൻക്വയറി 2 ന്റെ അടിസ്ഥാനത്തിൽ | 750 | ശ്രീ.നഹാസ്.ടി | 118040104866/18-12-18 |
| | -ടി- | 1000 | ശ്രീ.നഹാസ്.ടി | 118040104866/18-12-18 |
| 2017-18 | 2-3 | 2500 | എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കൊണ്ടോട്ടി | 118040500019/30-03-19 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4),47 | 2004-05 | --- | സഹകരണ സംഘങ്ങൾക്ക് ധനസഹായം. | -- |
| 2014-15 | 2(2),2(3),2(4), | 2016-17 | --- | --- | --- |
| 2015-16 | 2(8),2(9),2(10), 2(11),2(12) | 2016-17 | --- | --- | --- |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 131733604 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109781284 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 277801 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 898773 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 187880 | ശ്രീ.രതീഷ് കുമാർ , അസി.സെക്രട്ടറി |
| 3-2 | - | 49,921 | ശ്രീമതി ജോളി ജോസഫ്, ഹെഡ്മിസ്ട്രസ്സ് |
| 3-3 | - | 40,000 | ശ്രീമതി ജോളി ജോസഫ്, ഹെഡ്മിസ്ട്രസ്സ് |
| ആകെ | | 277801 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 128624 | ഡോ.അബൂബക്കർ.എൻ, മെഡിക്കൽ ഓഫീസർ |
| 1-18 | 56850 | ശ്രീമതി.ശൈലജ, അസി.സെക്രട്ടറി |
| 1-19 | 428,220 | ശ്രീ.രതീഷ് കുമാർ, അസി.സെക്രട്ടറി |
| 1-20 | 50,000 | ശ്രീ.രതീഷ് കുമാർ, അസി.സെക്രട്ടറി |
| 1-21 | 75,000 | ശ്രീ.രതീഷ് കുമാർ, അസി.സെക്രട്ടറി |
| 1-22 | 50,000 | ശ്രീമതി.ജോളി ജോസഫ്, ഹെഡ്മിസ്ട്രസ്സ് |
| 3-2 | 50,079 | ശ്രീമതി.ജോളി ജോസഫ്, ഹെഡ്മിസ്ട്രസ്സ് |
| 3-3 | 60,000 | ശ്രീമതി.ജോളി ജോസഫ്, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 898773 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രതീഷ് കുമാർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് | സതീഷ് ഭവനം, കാണ്ടല്ലൂർ നോർത്ത്, പട്ടാള മാർക്കറ്റ്.പി.ഒ, ആലപ്പുഴ 690531 |
| ശ്രീമതി.ജോളി ജോസഫ്, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, തെഞ്ചരി | പുരംന്തിരാപ്പിള്ളി, ഉദയം, കുഞ്ഞൻപടി, വാലില്ലാപുഴ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 | |
| 1985-86 | കെ..എസ്. എ.എം.പി.എം.6 /3044/2016 തി.21.11.2018 | 1 | |
| 1988-89, 1989-90 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 2 | |
| 1990- | എൽ.എഫ്.എം.9/945/94 | 1 | |

| | | | |
|---|---|---|---|
| 91 | തി.12.5.1995 | | |
| 1991-92 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 13 | |
| 1992-93, 1993-94 | എൽ.എഫ്.എം.6/121/98 തി.10.7.1998 | 12 | |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 | |
| 1995-96 | എൽ .എഫ്.എം.9/ 193/05 തി.4.06.2005 | 7 | |
| 1996-97 | എൽഎഫ്.എം.1 തി.17.06.20032/1292 | 12 | |
| 1997-98 | എൽ.എഫ്.എം.12/1293/02 തി.27.09.2003 | - | |
| 1998-99 | എൽ.എഫ്.എം.12/533/03 തി.24.12.2003 | 21 | |
| 1999-00 | എൽ.എഫ്.എം.8/1609/03 തി.14.5.2004 | 15 | |
| 2000-01 ,2001-02 | എൽ.എഫ്.എം.12/1656/03 തി.25.6.2004 | 20 | |
| 2002-03 | എൽ.എഫ്.എം.15/1734/08 തി.3.8.2009 | 2 | |
| 2003-04 | എൽ.എഫ്.എം.15/1735/08 തി.3.8.2009 | 6 | |
| 2004-05 | എൽ.എഫ്.എം.15/107/09 തി.25.4.2009 | 4 | |
| 2005-06 | എൽ.എഫ്.എം.15/523/10 തി.18.9.2010 | 11 | |
| 2006-07 | എൽ.എഫ്.എം.15/524/10 തി.18.9.2010 | 25 | |
| 2007-08 | എൽ.എഫ്.എം.6/541/12 തി.15.5.12 | 35 | |
| 2008- | എൽ.എഫ്.എം.6/542/12 | 17 | |

| | | | |
|---|---|---|---|
| 09 | തി.31.10.12 | | |
| 2009-10 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 17 | |
| 2010-11 | എൽ.എഫ്.എം.6/993/13 തി.7.12.13 | 20 | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.6/ 2646/2018 തി.06.12.2018 | 9 | |
| 2013-14, 2014-15 | കെ..എസ്.എ.എം.പി.എം.6 /483/2016 തി:23.2.2018 | 19 | |
| 2015-16 | കെ..എസ്.എ.എം.പി.എം.6 /2736/2016 തി:31.03.2018 | 20 | |
| 2016-17 | കെ..എസ്.എ.എം.പി.എം.6 /2170/2017 തി:09.07.2018 | 17 | |
| 2017-18 | KSAMPM 6/13/2019 തീ: 23-05-19 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.എം.പി.എം.6/1320/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :24-08-2019

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.